# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6397 11.07.2012 ൽ മറുപടിക്ക്

## നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
| എ. | ഈ സർക്കാർ അധികാരമേറ്റ ശേഷം നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചും ഇനി നടപ്പിലാക്കാൻ ശേഷിക്കുന്ന പദ്ധതികളെ സംബന്ധിച്ചും എല്ലാ വിശദാംശങ്ങളും നഗരസഭാ വാർഡ് തിരിച്ച് ലഭ്യമാക്കുമോ; | പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി. | നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ? | നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ആകെ നിർദ്ദേശിക്കപ്പെട്ട ഏഴ് പ്രവൃത്തികളിൽ അഞ്ചെണ്ണത്തിന് ഭരണാനുമതി നൽകിയിരുന്നു. ശേഷിക്കുന്ന രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉടൻ സമർപ്പിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തന്നെ ഭരണാനുമതി നൽകുന്നതാണ് (അനുബന്ധത്തിലെ ക്രമ നമ്പർ 6,7). |

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | വാർഡ് | റിമാർക്സ് |
|---|---|---|---|---|
| 1. | ആര്യൻകുഴി -എൻ.എച്ച് ബൈപ്പാസ് റോഡ് ടാറിംഗ് | 2085000<br>എ.എസ് നം.ഡി6/1083/2011 | കമലേശ്വരം | 02.09.2011 ന് ഭരണാനുമതി നൽകുകയും ഇപ്പോൾ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 2. | കരാൾക്കട - സുഭാഷ് നഗർ ഈഞ്ചക്കൽ പുന്നുറ റോഡിൽ പെരുന്നല്ലി ജംഗ്ഷനിൽ ഐലൻ്റ് നിർമ്മാണവും, പുളിയൂട് ബൈറോഡ് മെറ്റലിങ്ങും ടാറിംഗും | 5,00,000/-<br>എ.എസ് നം.ഡി6/1778/2011 | മുട്ടത്തറ | 13.09.2011 ന് ഭരണാനുമതി നൽകിയിട്ടുണ്ട്. 90% പണിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| 3. | മേലാങ്കോട് - കരുമം റോഡ് നിർമ്മാണം | 39,00,000/-<br>എ.എസ് നം.ഡി6/1928/2011 | മേലാങ്കോട് | 23.05.2012 ന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 50% പണിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| 4. | ശാരദാ ഗാർഡൻസ് - ആരതി റോഡ്, കുന്നാലും - പുല്ലുവിള റോഡ് നിർമ്മാണം | 12,00,000/-<br>എ.എസ് നം.ഡി6/1174/2012 | നേമം | 22.06.2012 ന് ഭരണാനുമതി നൽകിയിട്ടുണ്ട് |
| 5. | ഗവ. ഹൈസ്കൂൾ വാഴമുട്ടം സ്കൂളിൽ ബസ് വാങ്ങൽ | 1296000/-<br>എ.എസ് നം.ഡി6/1252/2012 | വെള്ളാർ | 04.06.2012 ന് ഭരണാനുമതി നൽകിയിട്ടുണ്ട് |
| 6. | ഗവ. ഗേൾസ് ഹൈസ്കൂൾ കരമന ടോയിലറ്റ് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്. | 5,00,000/- | കരമന | ഭരണാനുമതി നൽകിയിട്ടില്ല.<br>എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി 10.05.2012 ന് ഇ.ഇ. പി.ഡബ്ല്യു.ഡി തിരുവനന്തപുരത്തിന് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| 7. | ഹിദായത്തുൽ ഇസ്ലാം ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ, കമ്പ്യൂട്ടറുടെ അനുബന്ധ ഉപകരണങ്ങളും | 50,000/- | പുത്തൻപള്ളി | ഭരണാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റിനായി 14.05.2012 ന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |

7/7/12